'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീ. നിഖിൽ റോയ് -ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ആയി ജോലിയിൽ പ്രവേശിക്കുന്നതിന് സമയപരിധി നീട്ടിക്കൊടുത്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്**

**സ.ഉ.(സാധാ) നം.1108/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 31/05/2019

പരാമർശം:- 1. 28.06.2000ലെ 5966/Adv.C3/2000/P&ARD നമ്പർ സർക്കുലർ.

2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27.02.2019ലെ ഇ3-4400/08/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

3. ശ്രീ. നിഖിൽ റോയ് സമർപ്പിച്ച 05.04.2019ലെഅപേക്ഷ.

4. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.03.2019ലെ ഇ3-4400/08/സി.ഇ/തസ്വഭവ നമ്പർ നടപടിക്രമം.

5. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 25.04.2019ലെ ഇ3-4400/08/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസി.എഞ്ചിനീയറായി തിരഞ്ഞെടുക്കപ്പെടുകയും, തുടർന്ന് പരാമർശം 2 പ്രകാരം എറണാകുളം നായരമ്പലം ഗ്രാമപഞ്ചായത്തിലെ നിയമിക്കപ്പെടുകയും ചെയ്ത ശ്രീ.നിഖിൽ റോയ്, ടിയാൻ ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സെൻട്രൽ പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിൽ ജൂനിയർ എൻജിനീയർ ആയി ജോലി ചെയ്തു വരികയാണ് എന്നതിനാൽ, ടി ജോലിയിൽ നിന്നും വിടുതൽ നേടി സംസ്ഥാന സർക്കാർ സർവീസിൽ പ്രവേശിക്കുന്നതിന് 27.05.2019 വരെ സമയം നീട്ടി നൽകണമെന്ന് പരാമർ ശം 3 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ അപേക്ഷകന് പരാമർശം 4 പ്രകാരം 13.04.2019 വരെ, 45 ദിവസത്തെ സമയം നീട്ടി നൽകുകയും, തുടർന്ന് 27.05.2019 വരെ നീട്ടുന്നതിന് പരാമർശം 5 പ്രകാരം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന ജോലി ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സർവീസിൽ പ്രവേശിക്കുന്നതിന് സമയ ദൈർഘ്യം അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം 1 പ്രകാരം നിലവിലുള്ള വ്യവസ്ഥകൾക്കു ഇളവുനൽകികൊണ്ട് ശ്രീ.നിഖിൽ റോയ്- യുടേത് പ്രത്യേക കേസായി പരിഗണിച്ച് ടിയാന് സർവീസിൽ പ്രവേശിക്കുന്നതിന് 27.05.2019 വരെ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു. ടിയാന്റെ സീനിയോറിറ്റി KS&SSR ഭാഗം I ചട്ടം 27(C) ക്ക് താഴെയുള്ള പ്രോവിസോ 1 പ്രകാരം ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വി.നാഗേന്ദ്രന്
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ.നിഖിൽ റോയ്, പട്ടേരിൽ, ഗ്രീൻ പാർക്ക്, എച്ച്.എസ്. റോഡ്, മൂവാറ്റുപുഴ - 686 661 (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ